# പതിമൂന്നാം കേരള നിയമസഭ

## പന്ത്രണ്ടാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നമ്പർ - 279 — 01.12.2014-ൽ മറുപടിയ്ക്ക്

## ചെക്ക് തട്ടിപ്പ് കേസ്

| ചോദ്യം | ഉത്തരം |
|---|---|
| ശ്രീ.കെ.എം.ഷാജി | ശ്രീ.രമേശ് ചെന്നിത്തല<br>(ആഭ്യന്തരവും, വിജിലൻസും വകുപ്പ് മന്ത്രി) |
| (എ) ചെക്ക് നല്കി തട്ടിപ്പ് നടത്തിയ കേസിലെ പ്രതിക്കെതിരെ തിരുവനന്തപുരം കോടതി പുറപ്പെടുവിച്ച വാറണ്ട് പ്രകാരം പ്രതിയെ അറസ്റ്റ് ചെയ്യുന്നില്ലെന്ന് കാണിച്ച് പരാതിക്കാരൻ ബഹു. മുഖ്യമന്ത്രിക്ക് നല്കിയ പരാതി 11.1.2012-ൽ 1229/12/CM എന്ന നമ്പരിൽ തിരുവനന്തപുരം സിറ്റി പോലീസ് കമ്മീഷണർക്ക് അയച്ച് നല്കിയ പ്രകാരം അന്വേഷണം നടത്തി നല്കിയ റിപ്പോർട്ടിലെ വിവരങ്ങൾ വസ്തുതകൾക്ക് നിരക്കുന്നതല്ലെന്ന് വിശദീകരിച്ച് നല്കിയ പുനർ പരാതി ലഭിച്ചിട്ടുണ്ടോ; | (എ) ഉണ്ട്. |
| (ബി) എങ്കിൽ അതേക്കുറിച്ച് അന്വേഷിച്ചിട്ടുണ്ടോ; അന്വേഷണ വിവരം വെളിപ്പെടുത്തുമോ; | (ബി) അന്വേഷണം നടത്തിയിട്ടുണ്ട്. അന്വേഷണത്തിൽ വാറണ്ടിലെ പേരുകാരന്റെ ലഭ്യമായിട്ടുള്ള വിലാസങ്ങളിൽ അന്വേഷണം നടത്തിയതിൽ ടിയാൻ പ്രസ്തുത വിലാസങ്ങളിൽ താമസമില്ല എന്നും ടിയാൻ പലരിൽ നിന്നും പണം കടം വാങ്ങിയ ശേഷം ഒളിവിൽ പോയതായി വെളിവായിട്ടുള്ളതുമാകുന്നു. വാറണ്ടിലെ പേരുകാരനെ കണ്ടെത്തുന്നതിലേക്കായി ലുക്ക്ഔട്ട് നോട്ടീസ് പുറപ്പെടുവിച്ച് ഊർജ്ജിതമായ തുടരന്വേഷണങ്ങൾ തിരുവനന്തപുരം വഞ്ചിയൂർ പോലീസ് നടത്തിവരുന്നു. |

| | | | |
|---|---|---|---|
| (സി) | വാറണ്ട് നടപ്പാക്കാതിരിക്കുന്നതിന് വ്യാജ വിവരങ്ങൾ ചേർത്ത് റിപ്പോർട്ടു നല്കിയിട്ടുണ്ടോ;ഉണ്ടെങ്കിൽ ഉത്തരവാദികൾക്കെതിരെ നടപടി സ്വീകരിക്കാനും, വാറണ്ട് നടപ്പാക്കാനും വേണ്ട നിർദ്ദേശം നല്കുമോ? | (സി) | വാറണ്ട് നടപ്പിലാക്കാൻ സാധിക്കാത്തതിലേക്ക് തെറ്റായ വിവരങ്ങൾ ചേർത്ത് റിപ്പോർട്ട് നൽകിയിട്ടില്ല. എന്നാൽ ആയതിന്മേൽ ലഭിച്ച പരാതിയുടെ മറുപടിയിൽ ടിയാൻ മുൻപ് താമസിച്ചിരുന്നതായി പറയുന്ന തിരുവനന്തപുരം ഫോർട്ട് ആശുപത്രിക്ക് സമീപം 124-ാം നമ്പർ വീട്ടിൽ ടിയാന്റെ ഭാര്യയുടെ വയസ്സായ അച്ഛനും അമ്മയും താമസിച്ചു വരുന്നു എന്നതിനു പകരം പ്രതിയായ ജയകുമാറിന്റെ വയസ്സായ അച്ഛനും അമ്മയും താമസിക്കുന്നു എന്ന് പരാതി അന്വേഷിച്ചുപോയ സബ്- ഇൻസ്പെക്ടർ പിശകായി റിപ്പോർട്ട് നൽകിയതായി കാണുന്നു. അതല്ലാതെ മനപൂർവ്വമായി വ്യാജ വിവരങ്ങൾ ചേർത്ത് റിപ്പോർട്ട് നൽകിയതായി വെളിവായിട്ടില്ല . ടി വാറണ്ട് പ്രതിയെ കണ്ടെത്തുന്നതിലേക്കായി ഊർജ്ജിതമായ അന്വേഷണം നടത്തുന്നതിനു വേണ്ട നിർദ്ദേശങ്ങൾ വഞ്ചിയൂർ എസ്.എച്ച്.ഒ.യ്ക്ക് നൽകിയിട്ടുണ്ട്. |

സെക്ഷൻ ഓഫീസർ